**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** **19-09-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ അനധികൃത റിസോർട്ടുകളും ഹോം സ്റ്റേകളും നിയന്ത്രിക്കാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം മേഖലകളിൽ അനധികൃത റിസോർട്ടുകളും ഹോം സ്റ്റേകളും പ്രവർത്തിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ടൂറിസം മേഖലകളിൽ റിസോർട്ടുകൾ അനധികൃതമായി പ്രവർത്തിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല, |
| (ബി) | ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവും സുരക്ഷാ സംവിധാനവും ഇല്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ടൂറിസം മേഖലകളിൽ റിസോർട്ടുകൾ അനധികൃതമായി പ്രവർത്തിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല, |
| (സി) | ഇത്തരം അനധികൃത സ്ഥാപനങ്ങളിൽ ഏതെങ്കിലും തകർന്ന് വീണ് വിനോദ സഞ്ചാരികൾക്ക് അപകടം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | (സി) | വിനോദസഞ്ചാരികളുടെ സുരക്ഷാ ഉറപ്പാക്കുന്നതിനായി അതാതു സമയങ്ങളിൽ കേരള ദുരന്തനിവാരണ അതോറിറ്റി നൽകുന്ന നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത് വിനോദസഞ്ചാരികളെ അറിയിക്കാറുണ്ട്. പ്രളയം, കോവിഡ് ഇത്തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളിലെല്ലാം സഞ്ചാരികളുടെ സുരക്ഷാനിർദേശങ്ങൾ വെബ് സൈറ്റ് മുഖേന നൽകുകയും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക്, പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ പരിശോധനയിലാണ്.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, |

| | | | |
|---|---|---|---|
| | | | ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 182 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ് . ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി , കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട് . കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ഡെസ്റ്റിനേഷനുകളിൽ അപകട മുന്നറിയിപ്പുകൾ നൽകി , മറ്റു സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നു. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കി വരികയാണ് . |
| (ഡി) | വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | വിനോദസഞ്ചാരികളുടെ സുരക്ഷാ ഉറപ്പാക്കുന്നതിനായി അതാതു സമയങ്ങളിൽ കേരള ദുരന്തനിവാരണ അതോറിറ്റി നൽകുന്ന നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത് വിനോദസഞ്ചാരികളെ അറിയിക്കാറുണ്ട്. പ്രളയം, കോവിഡ് ഇത്തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങളിലെല്ലാം സഞ്ചാരികളുടെ സുരക്ഷാനിർദേശങ്ങൾ വെബ് സൈറ്റ് മുഖേന നൽകുകയും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക്, പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ പരിശോധനയിലാണ്.<br><br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 182 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് സ്വീകരിച്ചുവരികയാണ് . ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി , കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട് . കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ ഡെസ്റ്റിനേഷനുകളിൽ അപകട മുന്നറിയിപ്പുകൾ നൽകി , മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നു. സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ, അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കി വരികയാണ് . |

സെക്ഷൻ ഓഫീസർ